**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3569** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഡിജിറ്റൽ സർവ്വേ റെക്കോഡുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666വില്ലേജുകളിൽ ഡിജിറ്റലായി അളന്ന 89 വില്ലേജുകളും , ഡിജിറ്റൽ സർവ്വേ പുരോഗമിക്കുന്ന 27 വില്ലേജുകളും ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതി 2022 നവംബർ 1 ന് തുടക്കം കുറിച്ചിട്ടുള്ളത്. നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS, RTK Rover, Robotic ETS, Drone എന്നിവ ഉപയോഗിച്ചാണ് സർവ്വെ നടത്തുന്നത് . ടി പദ്ധതി ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്.<br><br>ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 70 വില്ലേജുകളുടെ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 36 വില്ലേജിന്റെ 90% സർവ്വെ ജോലികളും, 27 വില്ലേജിന്റെ 70-90% ജോലികളും ബാക്കി വില്ലേജിന്റെ സർവ്വെ ജോലികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത 200 വില്ലേജുകളിലായി നാളിതുവരെ 2,35,096.73 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ സർവ്വെ ജോലികളും ഇതോടൊപ്പം പുരോഗമിച്ചുവരുന്നു. |
| (ബി) | ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുമ്പോൾ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിച്ച് ഇന്റഗ്രേറ്റഡ് പോർട്ടൽ നിലവിൽ വരുന്നതോടെ ഭൂമിസംബന്ധമായ വിവരങ്ങൾക്ക് കൃത്യതയും | (ബി) | നിലവിൽ സർവ്വെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ പ്രത്യേകം പ്രത്യേകം കൈകാര്യം ചെയ്തു വരുന്ന ഭൂമി സംബന്ധമായ സേവനങ്ങൾ/പോർട്ടലുകൾ ഒരു ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത വെബ്പോർട്ടൽ ആണ് Integrated Land |

| | | | |
|---|---|---|---|
| | സുതാര്യതയും ഉറപ്പുവരുത്തുന്നതിന് കഴിയുമോ; വിശദീകരിക്കുമോ; | | Information Management System(ILIMS). ആയത്"എന്റെ ഭൂമി" വഴി നടപ്പിലാക്കിയിട്ടുണ്ട്. ടി പോർട്ടൽ ഉടൻ പ്രായോഗിക തലത്തിൽ നടപ്പിൽ വരുന്നതാണ്.ഇതിലൂടെ ഭൂസംബന്ധമായ സേവനങ്ങൾ നൽകി വരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ എന്നീ മൂന്ന് പ്രധാന വകുപ്പുകളിലെ സേവനങ്ങളെ സംയോജിപ്പിച്ച്, പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം ലഭ്യമാക്കുന്നതിനാണ് പ്രസ്തുത പോർട്ടലിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഇതിലൂടെ പൊതുജനങ്ങൾക്ക് അവരവരുടെ ഭൂമി സംബന്ധമായ ആവശ്യങ്ങൾക്ക് വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ പരിഹാരം കാണാനാവുന്നതാണ്. |
| (സി) | ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതോടെ ഭൂമി സംബന്ധമായ എല്ലാ അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി പരിഹരിക്കപ്പെടുന്നതിനുമുള്ള സംവിധാനം ഉറപ്പാക്കുമോ; വിശദീകരിക്കുമോ; | (സി) | ഡിജിറ്റൽ സർവ്വേ പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുന്നതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കുന്നതാണ്.<br><br>വില്ലേജുകളിലെ റവന്യൂ കണക്കിൻ പ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരം എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഭൂവുടമയ്ക്ക് പരിശോധിക്കുന്നതിനും അപാകത ഉള്ള പക്ഷം പോർട്ടൽ മുഖേന തന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധിക്കുന്നതുമാണ്.<br><br>ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വെ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. |
| (ഡി) | സർവ്വേ സംബന്ധമായ രേഖകളുടെ അവ്യക്തത മൂലം മന്ദഗതിയിലായിട്ടുള്ള വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഡിജിറ്റൽ സർവ്വേയുടെ | (ഡി) | ആധുനിക ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് ഏറ്റവും നൂതനമായ റെക്കോർഡുകളാണ് |

| | | | |
|---|---|---|---|
| | പൂർത്തീകരണം സഹായകമാകുമോ; വിശദീകരിക്കുമോ? | | തയ്യാറാക്കുന്നത് ആയതിനാൽ തന്നെ ഡിജിറ്റൽ സർവ്വെ പൂർത്തീകരണത്തോടെ ഭൂമിയുടെ വ്യക്തവും ആധികാരികവുമായ സർവ്വെ റിക്കോർഡുകൾ തയ്യാറാക്കാൻ സാധിക്കുന്നതാണ്. അതിനാൽ തന്നെ വികസന പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സർവ്വെ ഏറെ സഹായകമാകും. |

സെക്ഷൻ ഓഫീസർ